**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2334** **12-12-2022 - ൽ മറുപടിയ്ക്ക്**

**ചികിത്സാപ്പിഴവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. എ . പി . അനിൽ കുമാർ , ശ്രീ . സണ്ണി ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ചികിത്സാപ്പിഴവ് ഉണ്ടാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ചികിത്സാപ്പിഴവ് സംബന്ധമായ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ വ്യക്തമായ ചികിത്സാ മാർഗ്ഗരേഖകൾ തയ്യാറാക്കി ഡോക്ടർമാർക്കും മറ്റ് അനുബന്ധ ജീവനക്കാർക്കും പരിശീലനം നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഫുട്ബോൾ കളിക്കുമ്പോൾ കൈകുത്തി വീണ് പരിക്കേറ്റതിനെ തുടർന്ന് തലശ്ശേരി ജനറൽ ആശുപത്രിയിൽ എത്തിയ വിദ്യാർത്ഥിക്ക് ചികിത്സാപ്പിഴവിനെത്തുടർന്ന് കൈ മുറിച്ചുമാറ്റേണ്ടി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ എക്സ്റേ പരിശോധനയ്ക്ക് സൗകര്യമുണ്ടായിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | തലശ്ശേരി ജനറൽ ആശുപത്രിയിൽ 30.10.2022 ഞായറാഴ്ച വൈകിട്ട് 5.00 മണിക്ക് എക്സ്റേ യൂണിറ്റ് പ്രവർത്തിച്ചിരുന്നില്ല. നിലവിൽ എക്സ്റേ ടെക്നീഷ്യൻമാരുടെ സ്ഥിരം തസ്തികയിൽ രണ്ട് ജീവനക്കാരും എൻ.എച്ച്.എം മുഖേന നിയമിതരായ 3 എക്സ്റേ ടെക്നീഷ്യൻമാരും, എച്ച്.എം.സി മുഖേന നിയമിതരായ ഒരു എക്സ്റേ ടെക്നീഷ്യനും ഉൾപ്പെടെ 6 പേരുടെ സേവനമാണ് തലശ്ശേരി ജനറൽ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളത്. രാവിലെ 8.00 മണി മുതൽ 1.00 മണി വരെ എക്സ്റേ വിഭാഗത്തിലും ദന്തൽ എക്സ്റേ വിഭാഗത്തിലും, ഓപ്പറേഷൻ തീയറ്ററിലും ഓരോ എക്സ്റേ ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാണ്. ഉച്ചയ്ക്ക ശേഷം എക്സ്റേ വിഭാഗത്തിൽ ഒരു ടെക്നീഷ്യൻ സേവനം അനുഷ്ഠിക്കുന്നു. നിലവിൽ രാത്രി എക്സ്റേ ടെക്നീഷ്യന്റെ സേവനം ലഭ്യമല്ല. ആയത് പരിഹരിക്കുന്നതിന് എച്ച്.എം.സി മുഖാന്തിരം 2 എക്സ്റേ ടെക്നീഷ്യൻമാരെ കൂടി അധികമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ; | (ഡി) | ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ വിജിലൻസ്, കോഴിക്കോട് മെഡിക്കൽ കോളേജ് സർജറി വിഭാഗം പ്രൊഫസർ, കോഴിക്കോട് മെഡിക്കൽ കോളേജ് അസ്ഥിരോഗ വിഭാഗം പ്രൊഫസർ എന്നിവരടങ്ങിയ സമിതി 24.11.2022 തീയതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് പരിശോധിച്ച വരുന്നു |
| (ഇ) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും എക്സ്റേ പോലുള്ള സൗകര്യങ്ങൾ എല്ലാ സർക്കാർ ആശുപത്രികളിലും ഉറപ്പുവരുത്താനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | International Radiology Protection കമ്മിറ്റിയുടെ ശിപാർശ പ്രകാരം തൊഴിൽ വകുപ്പ് റേഡിയേഷൻ പ്രവൃത്തി സമയം അഞ്ച് മണിക്കൂറിൽ കൂടുതൽ ആകാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ, സംസ്ഥാന സർക്കാർ സ.ഉ.(കൈ)നമ്പർ 133/2012/ആകുവ . തീയതി 03.05.2012 പ്രകാരം എക്സ്റേ ടെക്നീഷ്യന്മാരുടെ ജോലി സമയം അഞ്ച് മണിക്കൂറായി നിജപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. ആയതിനാൽ 24 മണിക്കൂറും എക്സ്റേ സേവനം ലഭ്യമാക്കുന്നതിന് അത്യാഹിത വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാർക്ക് പുറമെ എച്ച്.എം.സി മുഖാന്തിരമോ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഫണ്ടിൽ നിന്നോ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ